## മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**(സംഗ്രഹം)**

മഹാത്മാഗാന്ധി സർവ്വകലശാലയിൽ തുടർപഠനത്തിന് പ്രവേശനം നേടുന്ന വിദ്യാർത്ഥികളിൽ നിന്നും മൈഗ്രേഷൻ സർട്ടിഫിക്കറ്റ് വാങ്ങേണ്ടതില്ല എന്നും സർവ്വകലാശാലയിൽ നിന്നുമുള്ള മൈഗ്രേഷൻ സർട്ടിഫിക്കറ്റിന്റെ ഫീസ് ഫൈനൽ പരീക്ഷാഫീസിനൊപ്പം അടയ്ക്കുന്നതിനും, ആവശ്യമുള്ള വിദ്യാർത്ഥികൾക്ക് ടി സർട്ടിഫിക്കറ്റ് ഫൈനൽ പരീക്ഷയുടെ ഗ്രേഡ് കാർഡ് വിതരണം ചെയ്യുന്ന സമയത്ത് ഡൗൺലോഡ് ചെയ്തെടുക്കുവാനുള്ള സംവിധാനം പരിഗണിക്കുന്നതിനും തീരുമാനിച്ച് ഉത്തരവാകുന്നു.

==============================================================================

**അക്കാദമിക് എ1 വിഭാഗം**

നം.8914/എ1/2/2018/അക്കാദമിക് തീയതി, പ്രിയദർശിനി ഹിൽസ്, 29.12.2018

പരാമർശം: 1. 24.03.2018 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം.നം.45/18.03/181147 (OA1/ഇനം.നം.80/17.06/171374)

2. 29.09.2018 തീയതിയിൽ കൂടിയ അക്കാദമിക് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് ഇനം.നം.220/AC18/185275.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**<u>ഉത്തരവ്</u>**

മറ്റ് സർവ്വകലാശാലകളിൽ നിന്നും തുടർപഠനത്തിനായി മഹാത്മാഗാന്ധി സർവ്വകലാശാലയിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥകളിൽ നിന്നും മൈഗ്രേഷൻ സർട്ടിഫിക്കറ്റ് വാങ്ങിയതിനുശേഷമാണ് നിലവിൽ പ്രവേശനം നൽകിയിരുന്നത്. അതുപോലെ മഹാത്മാഗാന്ധി സർവ്വകലാശാലയിൽ പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് തുടർപഠനത്തിനായി മറ്റ് സർവകലാശാലകളിൽ പ്രവേശനം നേടുന്നതിനായി മൈഗ്രേഷൻ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തു വന്നിരുന്നു.

മറ്റു സർവ്വകലാശാലകളിൽ നിന്നും വിവിധ കോഴ്സുകൾ കഴിഞ്ഞ് എം.ജി. സർവ്വകലാശാലയിൽ തുടർ പഠനത്തിന് പ്രവേശനം നേടുന്ന വിദ്യാർത്ഥകളിൽ നിന്ന് മൈഗ്രേഷൻ സർട്ടിഫിക്കറ്റ് വാങ്ങേണ്ടതുണ്ടോ എന്ന വിഷയം പരാമർശം (1) പ്രകാരം, സർവ്വകലാശാലാ സിൻഡിക്കേറ്റ് പരിഗണിക്കുകയും വിശദമായ കുറിപ്പോടു കൂടി അക്കാദമിക കൗൺസിലിന്റെ പരിഗണനയ്ക്ക് നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തു. ഈ വിഷയം പരിഗണിച്ച അക്കാദമിക് കൗൺസിൽ പരാമർശം (2) പ്രകാരം, താഴെപ്പറയുന്ന തീരുമാനമെടുത്തു.

.

''വിവിധ കോഴ്സുകൾ കഴിഞ്ഞ് മഹാത്മഗാന്ധി സർവ്വകലാശാലയിൽ തുടർപഠനത്തിന് പ്രവേശനം നേടുന്ന വിദ്യാർത്ഥികളിൽ നിന്നും മൈഗ്രേഷൻ സർട്ടിഫിക്കറ്റ് വാങ്ങേണ്ടതില്ല എന്നും സർവ്വകലാശാലയിലെ വിദ്യാർത്ഥികൾക്ക് അവരുടെ ഫൈനൽ പരീക്ഷയുടെ ഗ്രേഡ് കാർഡ് വിതരണം ചെയ്യുന്ന സമയത്ത് തന്നെ ആവശ്യമുള്ള വിദ്യാർത്ഥികൾക്ക് മൈഗ്രേഷൻ സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്തെടുക്കുവാനുള്ള സംവിധാനം പരിഗണിക്കുന്നതിനും മൈഗ്രേഷൻ സർട്ടിഫിക്കറ്റിന്റെ ഫീസ് ഫൈനൽ പരീക്ഷാ ഫീസിനൊപ്പം അടക്കുവാൻ നടപടി കൈക്കൊള്ളുന്നതിനും തീരുമാനിച്ചു''

ടി തീരുമാനമനുസരിച്ച് വിവിധ കോഴ്സുകൾ കഴിഞ്ഞ് മഹാത്മഗാന്ധി സർവ്വകലാശാലയിൽ തുടർ പഠനത്തിന് പ്രവേശനം നേടുന്ന വിദ്യാർത്ഥികളിൽ നിന്നും മൈഗ്രേഷൻ സർട്ടിഫിക്കറ്റ് വാങ്ങേണ്ടതില്ല. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്നുള്ള മൈഗ്രേഷൻ സർട്ടിഫിക്കറ്റ്, വിദ്യാർത്ഥികൾക്ക് ഫൈനൽ പരീക്ഷയുടെ ഗ്രേഡ് കാർഡ് വിതരണം ചെയ്യുന്ന സമയത്ത് ഡൗൺലോഡ് ചെയ്തെടുക്കാവുന്നതും മൈഗ്രേഷൻ സർട്ടിഫിക്കറ്റിന്റെ ഫീസ് ഫൈനൽ പരീക്ഷാഫീസിനൊപ്പം എല്ലാ വിദ്യാർത്ഥികളും അടക്കേണ്ടതുമാണ്. ആയതിനുള്ള സംവിധാനങ്ങൾ തയ്യാറാക്കുന്നതിനാവശ്യമായ നടപടികൾ പരീക്ഷാവിഭാഗം സ്വീകരിക്കേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
സുകുമാരൻ റ്റി.ബി
അസിസ്റ്റന്റ് രജിസ്ട്രാർ I (അക്കാദമിക വിഭാഗം)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്:

1. എല്ലാ അഫിലിയേറ്റഡ് കോളേജുകൾ/പഠനവകുപ്പുകൾ
2. വൈസ് ചാൻസിലർ/പ്രൊ-വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/കൺട്രോളർ ഓഫ് എക്സാമിനേഷൻസ്/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ. മാർ
4. ജെ.ആർ/ഡി.ആർ/എ.ആർ (പരീക്ഷാ/അക്കാദമിക്/ഭരണം)
5. എസി.സി.സി.I/II/എസി.എ7/12/8/എസി.ബി6/7
6. എസി.എൽ/എക്സാം ലീഗൽ/പി.ആർ.ഒ/എൻക്വയറി
7. കൺടെൻറ് മാനേജ്മെൻറ് സെക്ഷൻ/ഐ.ക്യു.എ.സി.
8. കരുതൽ ഫയൽ/ഫയൽ കോപ്പി/റെക്കോർഡ്സ്

*ഫയൽ നം. എസി.എ1/2/5445/2018*

ഉത്തരവിൻ പ്രകാരം,

Sukubhaskar

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം